ഉത്തരം

(എ) 63 സ്പോർട്സ് ഹോസ്റ്റലുകൾ പ്രവർത്തിച്ചു വരുന്നു.

(ബി) 7 സ്പോർട്ട്സ് ഹോസ്റ്റലുകൾ സ്പോർട്സ് കൗൺസിലിന്റെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു.

(സി) ഒന്ന്.

(ഡി) ഉണ്ട്. കഴക്കൂട്ടം നിയോജക മണ്ഡലത്തിൽ മുരുക്കുമ്പുഴ എന്ന സ്ഥലത്ത് കേരളാ സ്പോർട്സ് കൗൺസിലിന്റെ കീഴിൽ കനോയിംഗ്, റോവിംഗ് ഇനത്തിൽ പെൺകുട്ടികൾക്ക് പരിശീലനം നൽകുന്നതിനുവേണ്ടി ഒരു സെൻട്ര ലൈസ്ഡ് സ്പോർട്സ് ഹോസ്റ്റൽ 2004, ജനുവരി 1-ാം തീയതി മുതൽ പ്രവർത്തന മാരംഭിച്ചു.

ആലപ്പുഴയിലെ മുനിസിപ്പൽ സ്റ്റേഡിയം നിർമ്മാണം

133 [416] ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴയിലെ മുനിസിപ്പൽ സ്റ്റേഡിയം നിർമ്മാണത്തിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്;

(ബി) ഇതിനായി ബഡ്ജറ്റിൽ മതിയായ തുക വകയിരുത്തുന്നതിന് തയ്യാറാകുമോ?

ഉത്തരം

(എ) സ്റ്റേഡിയം പണി മുനിസിപ്പാലിറ്റിയുടെ ചുമതലയിലാണ്. സ്റ്റേഡിയം നിർമ്മാണത്തിനുവേണ്ടി മുനിസിപ്പൽ അധീനതയിലുള്ള 5.96 ഏക്കർ സ്ഥലം ഭാഗിക മായി ഫില്ലിംഗ് ജോലി നടത്തിയിട്ടുള്ളതായും സ്റ്റേഡിയം വികസിപ്പിക്കുന്നതിന് ഇനി 4 ഏക്കർ സ്ഥലം കൂടി ആവശ്യമാണെന്നും ആയത് ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചുവരുന്നതായും തദ്ദേശസ്വയംഭരണവകുപ്പ് അറിയിച്ചിട്ടുണ്ട്. സ്റ്റേഡിയം നിർമ്മാണത്തിനുള്ള 37 ലക്ഷം രൂപയുടെ പ്രോജക്ട് പ്രൊപ്പോസൽ ലഭിച്ചത് മുനിസിപ്പാലിറ്റിയുടെ ഭരണാനുമതിക്കായി അയച്ചിരിക്കുകയാണ്.

(ബി) അധിക കേന്ദ്രധനസഹായ പദ്ധതിയിൻ കീഴിൽ 25 ലക്ഷം രൂപ ഇതിലേക്കായി അനുവദിച്ചത് 2003-2004 ഉപധനാഭ്യർത്ഥനയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly